ശ്രീ. കെ.എം. മാണി: പബ്ലിക് വർക്സിനെ സംബന്ധിച്ചിടത്തോളം സിമൻറ് ക്ഷാമം അഭിമുഖീകരിക്കുന്നുണ്ട്. ഇത് പ്രത്യേകിച്ച് ഇറിഗേഷൻ വർക്സിനെയാണ് കൂടുതൽ അഫെക്ട് ചെയ്യുന്നത്. മദ്രാസിൽ വച്ച് നടന്ന ഇറിഗേഷൻ മിനിസ്റ്റേഴ്സ് കോൺഫറൻസിൽ ഞാൻ ഇത് കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. കേന്ദ്രഗവൺമെൻറിൻറെ നിർദ്ദേശാനുസരണം കടലാസ് പെന്നാൽ പോലും സിമൻറ് കമ്പനികൾ യഥാസമയം നമുക്ക് സിമൻറ് തരാത്തത് ഒരു വസ്തുതയാണ്. സിമൻറ് കിട്ടാനുള്ള ക്ഷാമം ചില സന്ദർഭങ്ങളിൽ ഉണ്ടാകാറുണ്ട്.

ശ്രീ. ആർ.എസ്. ഉണ്ണി: കല്ലടയുടെ ഫസ്റ്റ് ഫേസിൻറെ വിശദമായ എസ്റ്റിമേറ്റ് 1981-ന് മുൻപ് സമർപ്പിക്കുകയും അതിൻറെ കൂടിയാലോചനകൾ പൂർത്തിയാകുകയും ചെയ്തിരുന്നു. 1981 അവസാനത്തിലാണ് അത് ഒപ്പിട്ടത്. രണ്ടാമത്തെ ഫേസിനുള്ള വിശദമായ എസ്റ്റിമേറ്റ് ഇതുവരെ തയ്യാറാക്കിയിട്ടില്ല എന്നും വേൾഡ് ബാങ്കിന് സമർപ്പിച്ചില്ല എന്നുള്ളതും ശരിയല്ലേ? എന്തുകൊണ്ടാണ് അതിൽ കാലതാമസം ഉണ്ടായത്?

ശ്രീ. കെ.എം. മാണി: അത് ശരിയല്ല. രണ്ടാം സ്റ്റേജിനെ സംബന്ധിച്ച് ഇപ്പോഴും ഏതാണ്ട് സമ്മതിച്ചിരിക്കുകയാണ്. രണ്ടാമത്തെ സ്റ്റേജ് ഇപ്പോഴും മുഴുവനായിട്ട് എടുക്കാൻ സാധിക്കുകയില്ല. വേൾഡ് ബാങ്കിൽ നിന്ന് കിട്ടാനുള്ളത് 49 കോടി രൂപയാണ്. ആകെ 94 കോടിരൂപയുള്ളതിൽ 45 കോടി രൂപ കിട്ടി. 49 കോടി കിട്ടാനുണ്ട്. ആ 49 കോടിയ്ക്കകത്ത് ഒന്നാം സ്റ്റേജിൽ ബാക്കി അവസാനിക്കുന്ന സ്ഥലത്തും രണ്ടാം സ്റ്റേജിലെ 13 ആയിരം ഹെക്ടർ സ്ഥലത്തും പ്രയോജനം കിട്ടാനുള്ള പരിപാടികൾ ഉണ്ടാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

## സിൻഡിക്കേറ്റുകളുടെ സസ്പെൻഷൻ

* 143 [145] ശ്രീ. വി.ജെ. തങ്കപ്പൻ:

,, വി. കേശവൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, ഇ. പത്മനാഭൻ:

,, എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുക്കപ്പെട്ട കേരള-കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേറ്റുകളെ മൂന്നു മാസത്തേക്ക് സസ്പെൻറു ചെയ്തുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർവ്വകലാശാലയിലെ ജീവനക്കാരുടെ സമരം മൂലം സർവ്വകലാശാലാ സിൻഡിക്കേറ്റുകളുടെ സാധാരണനിലയിലുള്ള പ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിട്ടതുകൊണ്ടും, സിൻഡിക്കേറ്റ് സർവ്വകലാശാലാ പരീക്ഷകൾ നടത്തുന്നത് നിശ്ചിത സമയത്തിനുള്ളിൽ ഫലം അംഗീകരിച്ചു പ്രഖ്യാപിക്കുന്നതിനും അവരിൽ നിക്ഷിപ്തമായ കടമ നിറവേറ്റുന്നതിൽ പരാജയമടഞ്ഞതിനാലും ആണ് വൈസ്ചാൻസലർമാർ ആവശ്യപ്പെട്ടതനുസരിച്ച് സിൻഡിക്കേറ്റുകളെ താൽക്കാലികമായി സസ്പെൻഡ് ചെയ്തിട്ടുള്ളത്.

ശ്രീ. വി.ജെ. തങ്കപ്പൻ: സർ, യൂണിവേഴ്സിറ്റി തലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രീ–ഡിഗ്രി വിദ്യാഭ്യാസം യൂണിവേഴ്സിറ്റിയിൽ നിന്ന് മാറ്റുമ്പോൾ അതിനുവേണ്ടിയുള്ള തീരുമാനമെടുക്കുന്നതിനുമുമ്പ് തിരഞ്ഞെടുക്കപ്പെട്ട ഈ രണ്ട് കേരളാ-കാലിക്കട്ട് സിൻഡിക്കേറ്റുകളുടെ അഭിപ്രായം തേടിയിരുന്നുവോ? എങ്കിൽ ആ രണ്ട് സിൻഡിക്കേറ്റുകളുടെ അഭിപ്രായം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി.എം. ജേക്കബ്: സർ, അതിന് ഈ ചോദ്യവുമായി ബന്ധമില്ല. എങ്കിലും ഞാൻ അതിന് മറുപടി പറയാം. ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് കേരളത്തിലെ മൂന്ന് യൂണിവേഴ്സിറ്റികളും ചർച്ച ചെയ്തിരുന്നു. ആ മൂന്ന് യൂണിവേഴ്സിറ്റിയുടെ രേണു സമിതിയിൽപ്പെട്ട സിൻഡിക്കേറ്റും സെനറ്റും ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തുകയുണ്ടായി. കേരളാ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് പാസ്സാക്കി ഗവൺമെൻറിന് അയച്ചുതന്ന റെസല്യൂഷൻ ഞാൻ കഴിഞ്ഞ ദിവസം നിയമസഭയിൽ വായിക്കുകയുണ്ടായി. സർ, അതിൽ പറഞ്ഞിരിക്കുന്നത് പുതിയ ദേശീയ വിദ്യാഭ്യാസനയം എന്താണെന്നു വ്യക്തമാക്കിയതിനുശേഷം മാത്രം ഈ കാര്യത്തിൽ നടപടികൾ സ്വീകരിച്ചാൽ മതിയെന്നാണ് അവർ ആവശ്യപ്പെട്ടത്. സർ, പുതിയ ദേശീയ വിദ്യാഭ്യാസനയത്തിൽ +2 കോഴ്സിനെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ ഉണ്ട്. +2 കോഴ്സ് യൂണിവേഴ്സിറ്റിയുടെ ഭാഗമല്ലെന്നും, അത് സെക്കൻറിക്ക് ശേഷമുള്ള ഹയർസെക്കൻറിയുടെ ഭാഗമായിരിക്കണമെന്നും പറഞ്ഞിട്ടുണ്ട്. എല്ലാ രേണുസമിതികളും ഈ കാര്യത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്.

ശ്രീ. വി.ജെ. തങ്കപ്പൻ: സർ, നമ്മുടെ കേരളാ-കാലിക്കറ്റ് സിൻഡിക്കേറ്റും സെനറ്റും പള്ളിക്കൂടത്തിൽ പഠിച്ച ആളുകൾ ഉൾക്കൊള്ളുന്ന ജനാധിപത്യ ബോഡിയാണ്. ആ ബോഡിയുടെ ആട്ടോണമസ് സ്വഭാവം നിലനിർത്തുന്നതിനുവേണ്ടി അവരുടെയുംകൂടി അഭിപ്രായം കണക്കിലെടുത്തിട്ട് ഇന്ന് നടക്കുന്ന അതിശക്തമായ, പ്രീഡിഗ്രി ബോർഡിനെതിരായി ഉള്ള സമരം ഒത്തുതീർപ്പിൽ എത്തിക്കുന്നതിനു വേണ്ടി ഗവൺമെൻറ് മുൻകൈയെടുക്കുമോ?

ശ്രീ. റ്റി.എം. ജേക്കബ്: സർ, അവിടെ സമരം നടത്തുന്ന ആളുകളുമായിട്ട് ഗവൺമെൻറ് ചർച്ചനടത്തിയിരുന്നു, ഗവൺമെൻറ് ചർച്ച നടത്തിയിട്ടില്ലായെന്നു പറയുന്നതു ശരിയല്ല. 'പ്രീഡിഗ്രി ബോർഡ്' രൂപീകരിക്കുക എന്നുള്ളത് ഗവൺമെൻറിൻറെ നയപരമായ തീരുമാനമാണ്. ആ തീരുമാനത്തിൽ യാതൊരു മാറ്റവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കേശവൻ: സർ, കേരളാ—കാലിക്കട്ട് സർവ്വകലാശാലാ സിൻഡിക്കേറ്റുകളെ സസ്പെൻഡ് ചെയ്ത അതേ സമയത്ത് ഗാന്ധിജി സർവ്വകലാശാലാ സിൻഡിക്കേട്ട് സസ്പെൻഡ് ചെയ്തിട്ടില്ല. അത് നോമിനേറ്റ് ചെയ്യപ്പെട്ട ഒരു സമിതിയാണ്. അതേസമയത്ത് നിയമപരമായി തിരഞ്ഞെടുക്കപ്പെട്ട കേരളാ—കാലിക്കറ്റ് സർവ്വകലാശാലകളുടെ ഈ സിൻഡിക്കേറ്റുകളെ സസ്പെൻഡ് ചെയ്തത് ജനാധിപത്യ വിരുദ്ധമായ നടപടിയല്ലേ?

ശ്രീ. ടി.എം. ജേക്കബ്: സർ, അതിനകത്ത് ജനാധിപത്യ വിരുദ്ധമായിട്ട് എന്തെങ്കിലുമുണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല. ഈ രണ്ട് യൂണിവേഴ്സിറ്റികളിലും ഒരു പ്രത്യേക സാഹചര്യമുണ്ടായാൽ, അല്ലെങ്കിൽ എമർജൻസിയുണ്ടായാൽ, ഇങ്ങനെയുള്ള ഭരണസമിതികളെ സസ്പെൻഡ് ചെയ്യാനും, ഡിസ്മിസ് ചെയ്യാനുമുള്ള അധികാരം യൂണിവേഴ്സിറ്റി നിയമപ്രകാരം ചാൻസലറിൽ നിക്ഷിപ്തമായിട്ടുണ്ട്. സർ, ആ നിയമത്തിൽ അങ്ങനെ അവകാശവും അധികാരവും നൽകിയിരിക്കുന്നത് ആവശ്യം വരുമ്പോൾ ഉപയോഗിക്കാനാണ്. അല്ലാതെ നിയമം കാണുവാനല്ല. അതുകൊണ്ടുതന്നെ ഈ നിയമസഭ ജനാധിപത്യപരമായി പാസ്സാക്കിയ ഒരു നിയമം, ആ നിയമത്തിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി യൂണിവേഴ്സിറ്റിയുടെ ഭരണം ഫലപ്രദമായി നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി ചാൻസലർ സ്വീകരിച്ച ഒരു താൽക്കാലിക നടപടി മാത്രമാണ് ഇത്.

ശ്രീ. വി. കേശവൻ: സർ, കേരളാ സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം യഥാസമയം പരീക്ഷകൾ നടത്തുന്നതിനും അതിന്റെ ഫലം പുറത്തുകൊണ്ടുവരുന്നതിനുംവേണ്ടിയുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയിരുന്നുവെന്നാണ് മനസ്സിലാകുന്നത്. പക്ഷേ ആ രണ്ട് സിൻഡിക്കേറ്റുകളേയും സസ്പെൻഡ് ചെയ്തതിനുശേഷം ഇതിന്റെ പരീക്ഷാഫലം പുറത്തുകൊണ്ടുവരുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ ഫലമായി ഓരോ കോളേജിലേയും പരീക്ഷാ സെന്ററുകളിൽ ഉണ്ടായിരുന്ന പ്രിൻസിപ്പൽമാരും അവിടത്തെ അദ്ധ്യാപകരും, ചിലയിടത്ത് പോലീസ് ഉദ്യോഗസ്ഥൻമാർതന്നെ പരീക്ഷാപേപ്പറുകൾ നോക്കിയിട്ടുള്ളതായിട്ടാണ് പത്രങ്ങളിൽ റിപ്പോർട്ട് വന്നത്. അങ്ങനെ വളരെയധികം ക്രമക്കേടുകൾ അതിനകത്ത് നടന്നിട്ടുള്ളതായ റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. അത്തരം കാര്യങ്ങളെസംബന്ധിച്ച് സ്പെസിഫിക്കായിട്ട് കാര്യങ്ങൾ ചൂണ്ടിക്കാണിച്ചാൽ അതിനെപ്പറ്റി അന്വേഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: സർ, അതിനകത്ത് ഒരു അന്വേഷണത്തിന്റെയും ആവശ്യമില്ല. സർ, കേരളാ-കാലിക്കട്ട്-ഗാന്ധിജി യൂണിവേഴ്സിറ്റികളുടെ കീഴിൽ സെൻട്രലൈസ്ഡ് വാല്യുവേഷൻ സെന്ററുകൾ ഉണ്ടായിരുന്നു. ആ സെൻട്രലൈസ്ഡ് വാല്യുവേഷൻ സെന്ററുകളിലേക്ക് നിയമിക്കപ്പെട്ട അദ്ധ്യാപകരെ യൂണിവേഴ്സിറ്റി രേണസമിതികൾതന്നെ അംഗീകരിച്ചിട്ടുണ്ട്. ഈ വാല്യുവേഷൻ ക്യാമ്പുകൾ മുടങ്ങിയതിനുശേഷം വീണ്ടും ഈ വാല്യുവേഷൻ ക്യാമ്പുകൾ ആരംഭിച്ചപ്പോൾ നേരത്തെ ഈ സിൻഡിക്കേറ്റുകളുടെ അനുമതിയോടുകൂടിത്തന്നെ നിയോഗിക്കപ്പെട്ടിരുന്ന അതേ അദ്ധ്യാപകർ തന്നെയാണ് പേപ്പർ വാല്യു ചെയ്തിട്ടുള്ളതും അതിന്റെ മാർക്ക് ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കിയതും; അതാണ് യൂണിവേഴ്സിറ്റിയിൽ കൊടുത്തിരിക്കുന്നതും. സർ, യൂണിവേഴ്സിറ്റി നിയമത്തിലെ സെക്ഷൻ 23 അനുസരിച്ച് യൂണിവേഴ്സിറ്റി പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും പൂർണ്ണമായും സിൻഡിക്കേറ്റുകളിൽ നിക്ഷിപ്തമായിട്ടുണ്ട്. സിൻഡിക്കേറ്റുകൾ അവരുടെ ചുമതല നിറവേറ്റുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടുവെന്ന് ബോദ്ധ്യമായപ്പോൾ ആണ് താൽക്കാലികമായി അവയെ സസ്പെൻഡ് ചെയ്തിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കോളേജുകളിൽ പ്രീഡിഗ്രി പ്രവേശനം നടന്നുകൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിലാണ് രണ്ട് യൂണിവേഴ്സിറ്റികളിലേയും സിൻഡിക്കേറ്റുകളെ സസ്പെൻഡ് ചെയ്ത് നിർത്തിയിട്ടുള്ളത്. സ്വകാര്യകോളേജുകളിൽ പ്രവേശനത്തിന് മെറിറ്റ് തത്വം പാലിക്കുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടതും സിൻഡിക്കേറ്റാണ്. എന്നാൽ ഇന്ന് മെറിറ്റ് തത്വം ലംഘിച്ചുകൊണ്ടാണ് സ്വകാര്യ കോളേജുകളിൽ ധാരാളം പ്രവേശനം നടക്കുന്നത് എന്ന് ആക്ഷേപങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ സ്വകാര്യകോളേജുകളിലെ മാനേജുമെന്റുകളെക്കുറിച്ച് പരിശോധിക്കുന്നതിനുള്ള സംവിധാനം എന്താണ് ഇപ്പോൾ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി.എം. ജേക്കബ്: ഡയറക്ടർ പേമെന്റ് എഗ്രിമെന്റ് പ്രകാരമാണ് ഇന്ന് നമ്മുടെ കോളേജുകളിൽ അഡ്മിഷൻ നടക്കുന്നത്. സർ, 80 ശതമാനം മെറിറ്റിലും, ബാക്കിയുള്ള 20 ശതമാനം ഏതുനിലയിൽ അഡ്മിറ്റ് ചെയ്യണമെന്നതും ഡയറക്ടർ പേമെന്റ് എഗ്രിമെന്റിൽ വ്യവസ്ഥചെയ്തിരുന്നു. സർ, ആ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതെങ്കിലും മാനേജ്മെന്റ് ഉണ്ടെങ്കിൽ അവർക്ക് എതിരായി നടപടി സ്വീകരിക്കാൻ നയപരമായ അവകാശം ഗവൺമെന്റിനുണ്ട്; യൂണിവേഴ്സിറ്റി ഭരണസമിതിക്കുണ്ട്. ഈ പ്രവേശന ലിസ്റ്റ് എല്ലാ കോളേജുകളിലും പ്രസിദ്ധീകരിക്കണമെന്നുപറഞ്ഞിട്ടുണ്ട്. ആർക്കെങ്കിലും അതിനകത്ത് പ്രവേശനം നിഷേധിക്കുകയോ, കൃത്രിമം കാണിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ രേഖാമൂലമോ അല്ലാതയോ ഗവൺമെന്റിനെ അറിയിച്ചാൽ അതിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രീഡിഗ്രി ബോർഡ് രൂപീകരിക്കണമെന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു വാശിപിടിക്കുന്നതുകൊണ്ടാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇന്ന് ഒരു പ്രതിസന്ധി ഉണ്ടായിട്ടുള്ളത്. സർ, തൽക്കാലം ഈ വർഷം പ്രീഡിഗ്രി ബോർഡ് രൂപീകരണം നിർത്തിവച്ചുകൊണ്ട്, അടുത്തവർഷം പ്രീഡിഗ്രി ബോർഡ് പരീക്ഷ നടത്തുകയെന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത്. പ്രീഡിഗ്രി ബോർഡ് അടുത്തവർഷം പരീക്ഷ നടത്തുന്ന അവസരത്തിൽ ഈ ഗവൺമെന്റ് തന്നെ ഇവിടെ അധികാരത്തിൽ ഉണ്ടായിരിക്കുകയില്ല. ആ സന്ദർഭത്തിൽ പുതുതായി വരുന്ന ഒരു ഗവൺമെന്റിന് അത് വിട്ടുകൊടുക്കുക. തൽക്കാലം ഈ പ്രീഡിഗ്രി ബോർഡ് രൂപീകരണം ഒന്ന് നിർത്തിവയ്ക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: ഇതിനകത്ത് വാശിയുടെയും ദുർവാശിയുടെയും പ്രശ്നമില്ല. നമ്മുടെ രാജ്യത്ത് കേരളം ഒഴികെ മറെല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയിരിക്കുന്ന ഒരു സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി ഇവിടെയും നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന ഒന്നാണ്. അത് ചെയ്യണമെന്നുള്ള ധാർമ്മികമായ ഉത്തരവാദിത്വം ഈ ഗവൺമെന്റിനു് ഉണ്ട്. പ്രീഡിഗ്രി ബോർഡ് തീരുമാനത്തിൽനിന്നു് ഗവൺമെന്റ് പിന്നോട്ടു പോകുവാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരിക്കൽ പറഞ്ഞതുപോലെതന്നെ അടുത്തവർഷം, അതായത്, അടുത്തവർഷമെന്നു പറഞ്ഞാൽ 1987-ൽ പ്രീഡിഗ്രി ബോർഡിന്റെ കീഴിൽ പരീക്ഷ നടത്താൻ കഴിയും.

ശ്രീ. ഇ. പത്മനാഭൻ: യൂണിവേഴ്സിറ്റി ജീവനക്കാരാണ് സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത്. അതിനുവേണ്ടി അവരെ യഥേഷ്ടം സസ്പെൻഡ് ചെയ്തതുകൊണ്ടാണ് ഈ അടിയന്തിര പരിതസ്ഥിതിയെ നേരിടേണ്ടിവന്നത്. സിൻഡിക്കേറ്റാണ് പ്രീഡിഗ്രി ബോർഡിനെ എതിർത്തത് എന്ന് അങ്ങ് പോലും പറഞ്ഞില്ല. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ വിശദാംശങ്ങൾ അറിഞ്ഞതിനുശേഷം എന്തുവേണമെന്നുള്ളത് പറയാം എന്നേ പറഞ്ഞിട്ടുള്ളൂ. അങ്ങനെയൊരു അഭിപ്രായപ്രകടനം നടത്തിയതിനാണോ ഇപ്പോൾ സസ്പെൻഡ് ചെയ്തത്? അതോ സിൻഡിക്കേറ്റും പണിമുടക്കിയെന്നാണോ? എന്താണ് ഇതിന്റെ അർത്ഥം?

ശ്രീ. ടി.എം. ജേക്കബ്: റെസല്യൂഷൻ പാസ്സാക്കിയതുകൊണ്ടൊന്നും ആരേയും സസ്പെൻഡ് ചെയ്യേണ്ട കാര്യമില്ല. റെസല്യൂഷൻ പാസ്സാക്കിയിട്ട് മാസങ്ങൾ എത്രയോ കഴിഞ്ഞിരിക്കുന്നു. ഞാൻ ഇവിടെ പറഞ്ഞത് യൂണിവേഴ്സിറ്റി നിയമത്തിലെ സെക്ഷൻ 23 അനുസരിച്ച് യൂണിവേഴ്സിറ്റി പരീക്ഷകളുടെ നടത്തിപ്പും പരീക്ഷാഫലപ്രഖ്യാപനവും പൂർണ്ണമായും സിൻഡിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്ന ഒരു സംഗതിയാണ്. അവരിൽ അർപ്പിക്കപ്പെട്ടിരുന്ന ചുമതലകൾ അവർക്ക് നിറവേറ്റാൻ കഴിയാതെവന്നു. അതുപോലെതന്നെ സിൻഡിക്കേറ്റ് മെമ്പർമാരുടെ പ്രവർത്തനങ്ങളിൽ ചിലത് ആ നിലയ്ക്ക് നീങ്ങിയെന്നുള്ളത് സംബന്ധിച്ചൊക്കെ വൈസ് ചാൻസലർമാർ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയപ്പോൾ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ മാത്രമാണ് ചാൻസലർ മുതിർന്നിട്ടുള്ളത്.

ശ്രീ. എ.കെ. പത്മനാഭൻ: സിൻഡിക്കേറ്റ് അംഗങ്ങൾ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ടില്ല, പരീക്ഷാനടത്തിപ്പിനെ തടസ്സപ്പെടുത്തി എന്നു് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചത് പത്രങ്ങളിൽ കണ്ടു. കേരളായൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗങ്ങൾ അതിനെ ശക്തിയായി നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. പരീക്ഷാ ഹാളിൽ പോയി കുഴപ്പമുണ്ടാക്കിയെന്നെല്ലാമുള്ള റിപ്പോർട്ടാണ് മന്ത്രി പറഞ്ഞത്. ഏത് സിൻഡിക്കേറ്റ് മെമ്പറാണ് ഇങ്ങനെ പരീക്ഷാഹാളിൽപോയി കുഴപ്പം ഉണ്ടാക്കിയതെന്നു പറയാൻ കഴിയുമോ?

ശ്രീ. ടി.എം. ജേക്കബ്: വൈസ്ചാൻസലർമാരുമായി നടത്തിയ ചർച്ചകളിൽ പരീക്ഷാവാല്യുവേഷൻ നടന്ന സെന്ററുകളിൽ ചില സിൻഡിക്കേറ്റ് മെമ്പർമാർ ചെല്ലുകയും അവർ അവിടെ ചില നടപടികൾ സ്വീകരിക്കുകയും ചെയ്തതായി പറഞ്ഞിരുന്നു. ഏതെല്ലാം സിൻഡിക്കേറ്റ് അംഗങ്ങളാണ് ആ നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നുള്ളതിനെ സംബന്ധിച്ചുള്ള വിശദമായ വിവരം നൽകാൻ ഗവൺമെന്റ് വൈസ് ചാൻസലർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. പത്മനാഭൻ: സിൻഡിക്കേറ്റ് സസ്പെൻഡ് ചെയ്ത സന്ദർഭത്തിൽ കാലിക്കട്ട് യൂണിവേഴ്സിറ്റി സെനറ്റിനെ വിളിച്ചു കൂട്ടിയതായി കാണുന്നുണ്ട്. മന്ത്രിസഭയില്ലാതെ നിയമസഭായോഗം കൂടുന്നതുപോലെ സിൻഡിക്കേറ്റില്ലാതെ എങ്ങനെയാണ് ഈ സെനറ്റ് യോഗം കൂടുക?

ശ്രീ. ടി. എം. ജേക്കബ്: സിൻഡിക്കേറ്റ് ഇപ്പോഴുണ്ട്. സിൻഡിക്കേറ്റിന്റെ അധികാരം വൈസ്ചാൻസലർമാരിൽ നിക്ഷിപ്തമാണ്. സ്വാഭാവികമായും സെനറ്റ്കൂടുമ്പോൾ അവിടെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് സിൻഡിക്കേറ്റിനുവേണ്ടി വൈസ്ചാൻസലർക്ക് മറുപടി പറയാൻ കഴിയും. നിയമപരമായിത്തന്നെ സിൻഡിക്കേറ്റ് പ്രവർത്തിക്കുന്നുണ്ട്. ആ സിൻഡിക്കേറ്റിന്റെ അധികാരം വൈസ്ചാൻസലർക്കാണ്. സെനറ്റ് മീറ്റിംഗ്കൂടുമ്പോൾ വൈസ്ചാൻസലർക്ക് സിൻഡിക്കേറ്റിനുവേണ്ടി ആവശ്യമായിട്ടുള്ള ഇൻഫർമേഷൻസ് കൊടുക്കാൻ കഴിയും.

ശ്രീ: കെ. പി. എ. മജീദ്: സിൻഡിക്കേറ്റുകളെ സസ്പെൻഡ് ചെയ്തതുകൊണ്ട് യൂണിവേഴ്സിറ്റികളുടെ ഭരണത്തിന് വല്ല കോട്ടവുമുളളതായി ഗവൺമെൻറ് കരുതുന്നുണ്ടോ? കോഴിക്കോട് സർവ്വകലാശാലയിലെ പ്രീഡിഗ്രിയുടെ റിസൾട്ട് വരാനുള്ള കാലതാമസം എന്താണ്? അത് എന്ന് പുറത്തുവരുമെന്നു പറയാൻ സാധിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: യൂണിവേഴ്സിറ്റികളുടെ സിൻഡിക്കേറ്റിനെ സസ്പെൻറ് ചെയ്തതുകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. അവിടെ ഭംഗിയായിത്തന്നെ കാര്യങ്ങൾ നടത്താൻ കഴിയുന്നുണ്ട്. കേരളായൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാഫലം ഇന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാഫലം അടുത്ത ഏത് ദിവസവും പുറത്തുവരത്തക്കരീതിയിൽ അതിന്റെ ക്രമീകരണങ്ങൾ പൂർത്തിയായിവരികയാണ്.

ശ്രീമതി കെ.ആർ. ഗൗരി: പ്രീഡിഗ്രി ബോർഡ് രൂപീകരണം ഗവൺമെൻറിന്റെ ഒരു നയപ്രഖ്യാപനമാണെന്നു പറഞ്ഞു. ദേശീയ വിദ്യാഭ്യാസനയവുമായി ബന്ധപ്പെടുത്തി ഗവൺമെൻറിന്റെ ഒരു നയരൂപീകരണമാണെന്നു പറഞ്ഞു. ദേശീയവിദ്യാഭ്യാസനയം ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഡെവലപ്പ്ഡ് ഏരിയാസും അൺഡെവലപ്പ്ഡ് ഏരിയാസും മിതമായി ഡെവലപ്പ് ചെയ്ത ഏരിയാസും കാണും. ഈ സ്ഥലങ്ങളിൽ പ്ലസ് 2 കോഴ്സ് പ്രത്യേകം അതോറിറ്റിയുടെ കീഴിൽകൊണ്ടുവരുന്നത്, കേരളംപോലെ കൊളീജിയേറ്റ് വിദ്യാഭ്യാസം കുറെകൂടി ഡെവലപ്പ് ചെയ്ത പ്രദേശത്ത് ഇത് എങ്ങനെയാണ് നടപ്പിലാക്കേണ്ടതെന്നുള്ളത് അവധാനപൂർവ്വം ഗവൺമെൻറ് ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഗവൺമെൻറ് അവധാനപൂർവ്വംതന്നെ ചിന്തിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ ഗവൺമെൻറിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെ പറഞ്ഞതുപോലെ ഹയർ എഡ്യൂക്കേഷൻ സെക്ടറിന്റെ ഏറ്റവും കാര്യക്ഷമമായ പുരോഗതിക്കും പ്രവർത്തനത്തിനും പ്ലസ് 2 സംവിധാനം ഒരു പ്രത്യേക അതോറിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിൽ കൊണ്ടുവരികയും യൂണിവേഴ്സിറ്റിയിൽനിന്നും മാറ്റുകയും ചെയ്യണമെന്നുള്ള സുചിന്തിതമായ അഭിപ്രായം ഗവൺമെൻറിനുണ്ട്. വ്യക്തമായ കാഴ്ചപ്പാടോടുകൂടിയും വ്യക്തമായി പരിശോധിച്ചതിനു ശേഷവുമാണ് ഗവൺമെൻറ് നയപരമായ തീരുമാനമെടുത്തിട്ടുള്ളത്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: ലക്ഷക്കണക്കിനു വരുന്ന വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളെ അവരുടെ അധികാരം ദുരുപയോഗപ്പെടുത്തുമെന്ന് ഭയപ്പെട്ടുകൊണ്ട് വൈസ്ചാൻസലർമാർ നൽകിയ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് ഗവർണ്ണർ സിൻഡിക്കേറ്റിനെ സസ്പെൻഡ് ചെയ്തതെന്നു പറഞ്ഞു. എന്നാൽ കേരളായൂണിവേഴ്സിറ്റിയിലേയും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലേയും പരീക്ഷാ ഫലങ്ങളെ പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ ഈ സിൻഡിക്കേറ്റുകളുടെ സസ്പെൻഷൻ ഗവൺമെൻറ് പിൻവലിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: പരീക്ഷാനടത്തിപ്പ് സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് വേണ്ടിമാത്രമാണ് ഗവൺമെൻറ് നടപടി സ്വീകരിച്ചത്. പൂർണ്ണമായും സിൻഡിക്കേറ്റ് വേണ്ട എന്ന അഭിപ്രായം ഗവൺമെൻറിനില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഡിസ്മിസ് ചെയ്യാൻ ശുപാർശ ചെയ്യുമായിരുന്നു. ഇപ്പോൾ സസ്പെൻഷൻമാത്രമേയുള്ളൂ. സ്വാഭാവികമായും ആ കാര്യത്തിൽ പരീക്ഷാഫലം പുറത്തുകൊണ്ടുവരിക എന്ന സദുദ്ദേശം മാത്രമേയുള്ളൂ.

ശ്രീ. കെ. പി. പ്രഭാകരൻ: സമരം ചെയ്യുന്നവരുമായി ചർച്ച ചെയ്യാൻ തയ്യാറാവുമോ എന്നു ചോദിച്ചപ്പോൾ സമരം ചെയ്യുന്ന സംഘടനകളുമായി ഗവൺമെൻറ് ഇതിനുമുമ്പ് ചർച്ച ചെയ്തു എന്നു മന്ത്രി പറഞ്ഞു. ഈ ചർച്ച നടന്നത് ജൂൺ ആറാം തീയതിയാണ്. അതിനുശേഷം 12-ാം തീയതിയാണ് സമരം ആരംഭിച്ചത്. ഈ സമരം ആരംഭിച്ചതിനുശേഷം കഴിഞ്ഞ 25 ദിവസത്തിനിടയിൽ നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് വളരെയേറെ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒട്ടേറെ സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇന്ന് യൂണിവേഴ്സിറ്റി ജീവനക്കാരും അദ്ധ്യാപകരും മാത്രമല്ല വിദ്യാഭ്യാസരംഗത്തെ വിവിധ വിദ്യാർത്ഥി സംഘടനകളും, ഔദ്യോഗികമായും അനൗദ്യോഗികമായും സാമാന്യേന എല്ലാ വിദ്യാർത്ഥിവിഭാഗങ്ങളും അഭ്യസ്തവിദ്യരായ യുവജനങ്ങളുമെല്ലാം ഈ പ്രശ്നത്തിൽ സജീവമായി സഹകരിക്കുകയും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്. അതിൻെറ അടിസ്ഥാനത്തിൽ ഗവൺമെൻറിൻെറതന്നെ കൂടുതൽ കൂടുതൽ വിശദീകരണം നൽകുന്ന പല പ്രസ്താവനകളും വന്നു. ഈ സാഹചര്യത്തിൽ ഒരു സമരം തുടങ്ങിയതിനുശേഷം പിന്നെ അവരുമായിട്ട് ചർച്ച ചെയ്യുകയില്ല എന്നുള്ളതാണോ ഗവൺമെൻറിൻെറ നയം? ഇവിടെ അദ്ധ്യാപകരും ഗവൺമെൻറ് ജീവനക്കാരുമൊക്കെ സമരം ചെയ്തതിനുശേഷവും പണിമുടക്കു നടക്കുമ്പോഴുംതന്നെ ഗവൺമെൻറ് വിളിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ഈ സമരം ആരംഭിച്ചതിനുശേഷമുള്ള ഇന്നത്തെ സ്ഥിതിഗതികളും വച്ചുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ? ഈ രാജ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമായി അത് മാറിയിരിക്കുകയാണ്. അതുകൊണ്ട് ഇവരുമായിട്ട് വീണ്ടുമൊരു ചർച്ചക്ക് ഗവൺമെൻറ് തയ്യാറാകുമോ? അതൊന്ന് സ്പെസിഫിക്കായിട്ട് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ജൂൺ 12–ാം തീയതിയാണ് സമരം തുടങ്ങിയതെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അത് ശരിയല്ല. മേയ്മാസം 16–ാം തീയതി മുതൽ യൂണിവേഴ്സിറ്റി ജീവനക്കാർ ഇവിടെ സമരം തുടങ്ങി. മേയ്മാസം 16–ാം തീയതി സമരം തുടങ്ങിയതിനു ശേഷം 21–ാം തീയതി ആദ്യം യൂണിവേഴ്സിറ്റി ജീവനക്കാരുമായി ഞാൻതന്നെ ചർച്ച നടത്തി. അതിനുശേഷം ഉന്നതവിദ്യാഭ്യാസരംഗത്തെ അദ്ധ്യാപകസംഘടനകളുമായി 22–ാം തീയതി ചർച്ച നടത്തി. ഇതേ വിഷയത്തെക്കുറിച്ചുതന്നെ പൊതുവിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ 26 സംഘടനകളുമായി 28–ാം തീയതി ഞാൻ ചർച്ച നടത്തി. ഈ ചർച്ചകൾക്കുശേഷം യൂണിവേഴ്സിറ്റി ജീവനക്കാരുമായും അദ്ധ്യാപകരുമായും മൂന്നു യൂണിവേഴ്സിറ്റികളുടേയും വൈസ്ചാൻസലർമാർ പലവട്ടം ചർച്ചകൾ നടത്തി. കോഴിക്കോട്ടും എറണാകുളത്തും തിരുവനന്തപുരത്തും വച്ച് ചർച്ചകൾ നടത്തി. ഈ ചർച്ചകൾക്കുശേഷം ഇതുമായി ബന്ധപ്പെട്ട് നിയമസഭാംഗങ്ങളിൽ തന്നെ ചില ആളുകൾ ഞങ്ങളോട് സംസാരിക്കുകയുണ്ടായി. അവരുമായി ഈ കാര്യങ്ങൾ ഗവൺമെന്റ് അനൗദ്യോഗികമായിട്ട് ചർച്ചകൾ നടത്തി. ഈ ചർച്ചകൾക്കെല്ലാം ശേഷമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ ചേമ്പറിൽവച്ച് ജൂൺമാസം ആറാം തീയതി ചർച്ചകൾ നടത്തിയത്. അതുകൊണ്ട് ഗവൺമെന്റ് ചർച്ചകൾ നടത്തിയില്ല എന്നു പറയുന്നത് ശരിയല്ല. പല പ്രാവശ്യം പല സന്ദർഭത്തിൽ പല രൂപത്തിൽ പല ഭാവത്തിൽ സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. സമരം നടത്തുന്ന ആളുകളുമായി ചർച്ച നടത്തുകയില്ല എന്ന നിലപാട് ഒരിക്കലും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. അവർ പറഞ്ഞത് ഗവൺമെന്റ് എടുത്തിരിക്കുന്ന നയപരമായ തീരുമാനത്തിൽനിന്നും വ്യതിചലിച്ചില്ലെങ്കിൽ സമരവുമായി മുന്നോട്ടുപോകുമെന്നാണ്. എന്തുവന്നാലും നയപരമായ തീരുമാനത്തിൽനിന്നു ഗവൺമെന്റിന് മാറാൻ കഴിയുകയില്ല. ജീവനക്കാരുടെ പ്രശ്നങ്ങൾ അവരുടെ മറ്റു ആശങ്കകൾ ഇങ്ങനെയുള്ള എന്തു പ്രശ്നമുണ്ടെങ്കിലും ആ കാര്യം അവരുമായി ചർച്ച നടത്തുന്നതിനോ അവരുടെ ആശങ്ക ദൂരീകരിക്കുന്നതിനോ ഗവൺമെന്റിന് യാതൊരു പിടിവാശിയുമില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: ഞാൻ പറഞ്ഞ വസ്തുതകൾക്കല്ല മറുപടി പറഞ്ഞത്. അദ്ദേഹം ജൂൺ ആറാം തീയതിക്കുമുമ്പു നടന്ന കുറെ ചർച്ചകളുടെ കാര്യമാണ് പറഞ്ഞത്. അതിനുമുമ്പ് സ്റ്റേറ്റ് ഇൻസ്ട്രൈക്കായിട്ട് ജോലിക്കാരൊക്കെ അവിടെ ഹാജരായിരുന്നു. ജൂൺ 12–ാം തീയതിക്കുശേഷമാണ് അദ്ധ്യാപകരുടെ പണിമുടക്കും യൂണിവേഴ്സിറ്റി ജീവനക്കാരിൽ പകുതിയോളം ആളുകളെ സസ്പെൻഡ് ചെയ്യുകയും ചെയ്ത പുതിയ സ്ഥിതിയുണ്ടായത്. ആ സാഹചര്യത്തിൽ ഈ രംഗത്ത് ഒരു സമാധാനമുണ്ടാക്കാൻവേണ്ടി വീണ്ടും ഒരു ചർച്ചക്ക് വിളിക്കുമോ എന്നാണ് ഞാൻ ചോദിച്ചത്. അതിനു മറുപടി പറഞ്ഞില്ല.

ശ്രീ. ടി. എം. ജേക്കബ്: ജൂൺ ആറാം തീയതി നടന്ന ചർച്ചയിൽ ഗവൺമെന്റിനു പരമാവധി ഈ കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുള്ളത് അറിയിച്ചിട്ടുണ്ട്. ആ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ടാണ് സമരത്തിൽ നിൽക്കുന്നത്. ഒരു ചർച്ച നടത്തി കുറെ സമയം



LIBRARY ARCHIVES Kerala Legislative Assembly

വേയ്സ്റ്റാക്കുന്നതുകൊണ്ട് യാതൊരുകാര്യവുമില്ല. ചർച്ചകൾ നടത്തിയാൽ അതുകൊണ്ട് പ്രയോജനമുണ്ടാകണം; അതുകൊണ്ട് എന്തെങ്കിലും പരിഹാരമുണ്ടാകണമെന്ന ആഗ്രഹമുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റ് പറഞ്ഞിരിക്കുന്ന അഭിപ്രായങ്ങളെ സംബന്ധിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ എന്താണെന്നറിയിച്ചാൽ ചർച്ചകൾ നടത്താൻ ബുദ്ധിമുട്ടില്ല.

ശ്രീ. ഒ. രേതൻ: തിരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുകൾ ആവശ്യമായി വരുകയാണെങ്കിൽ പിരിച്ചുവിട്ട്, സ്വന്തം ഇഷ്ടം നടപ്പിൽ വരുത്താൻ ആജ്ഞാനുവർത്തികളെ സൃഷ്ടിക്കണമെന്ന ഉദ്ദേശം വച്ചു കൊണ്ടാണോ ഗവൺമെന്റു ജീവനക്കാരായ ഐ.എ. എസ്സുകാരെ യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസിലർമാരായി നിയമിച്ചത്?

ശ്രീ. ടി. എം. ജേക്കബ്: വൈസ് ചാൻസിലർമാരായി ഐ. എ. എസ്സുകാരെ നിയമിക്കാൻ പാടില്ലെന്ന് ഒരിടത്തും വ്യവസ്ഥയില്ല. ഇന്ത്യയിൽത്തന്നെ പല യൂണിവേഴ്സിറ്റികളിലും ഐ.എ.എസ്സുകാർ വൈസ് ചാൻസിലർമാരായിരുന്നിട്ടുണ്ട്. അതൊക്കെ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ രണ്ടു യൂണിവേഴ്സിറ്റികളിലേയും വൈസ് ചാൻസലർമാരുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം തൃപ്തികരമായ അഭിപ്രായം ഗവൺമെന്റിനു മാത്രമല്ല പുറത്തുള്ള ആളുകളും പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. പങ്കജാക്ഷൻ: വരുന്ന അദ്ധ്യയനവർഷം പ്രീഡിഗ്രി ബോർഡിന്റെ ആഭിമുഖ്യത്തിൽത്തന്നെ പരീക്ഷകൾ നടത്തുമെന്ന് മന്ത്രി ഇവിടെ പറഞ്ഞു. അദ്ദേഹം പ്രീ-ഡിഗ്രി ബോർഡിന്റെ കാര്യങ്ങളെക്കുറിച്ചു പഠിക്കാനായി പശ്ചിമ ബംഗാളിലും ഹൈദരാബാദിലുമൊക്കെ പോയിയെന്നും കേട്ടു. അവിടെയെങ്ങാനും പ്ലസ് ടു കോഴ്സ് വൊക്കേഷണലൈസ് ചെയ്യുന്നതിനോ ഡൈവേഴ്സിഫൈ ചെയ്യുന്നതിനോ ഉള്ള സംവിധാനങ്ങൾ ഏർപ്പെടുത്താതെ, ഇത് ഏർപ്പെടുത്തിക്കഴിഞ്ഞാൽ ആവശ്യമായ സിലബസോ കരിക്കുലമോയൊക്കെ നിർണ്ണയിക്കാതെ ഇത് നിലവിൽവന്നു കഴിഞ്ഞാൽ സാമ്പത്തിക ബാദ്ധ്യതകൾ എന്തായിരിക്കും എന്നുള്ളത് പരിശോധിക്കാതെ അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരുമുൾപ്പെടെ എത്രമാത്രം പേർക്ക് തൊഴിലില്ലാതായിത്തീരും, അവരെ പ്രൊട്ടക്ടഡ് സമ്പ്രദായത്തിൽ നിലനിർത്തിക്കൊണ്ട് കോടികൾ ചെലവാക്കേണ്ടിവരുമെന്നുള്ളത് അന്വേഷിക്കാതെ, പരീക്ഷ ബോർഡിന്റെ കീഴിൽ നടത്തുന്ന സമ്പ്രദായമുണ്ടോ? അത് അറ്റു കണ്ടു മനസ്സിലാക്കിയോ? ഇതൊന്നും ചെയ്യാതെ ഇക്കാര്യത്തിൽ പരീക്ഷ നടത്തുമെന്ന് പ്രഖ്യാപനം എങ്ങനെ ഉണ്ടായി, അതേപ്പറ്റി എന്തെങ്കിലും പറയാൻ കഴിയുമോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കുറേ കാര്യങ്ങൾ പറഞ്ഞു. 24-ാം തീയതി ഇവിടെ നടന്ന ചോദ്യോത്തരവേളയിൽ ഞാൻതന്നെ ഇതിന്റെ വിശദാംശങ്ങൾ മുഴുവൻ പ്രതിപാദിച്ചതാണ്. ഒന്നുകൂടി പറയുന്നതിൽ എനിക്ക് യാതൊരു ബുദ്ധിമുട്ടും ഇല്ല. പ്രീഡിഗ്രി ബോർഡിനെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിൽ പല സ്റ്റേറ്റുകളിലും പ്ലസ് ടു കോഴ്സിനെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയപ്പോൾ അതിന്റെ ട്രാൻസിഷൻ പീരിയേഡിൽ കുറെ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചില സ്റ്റേറ്റുകളിൽ 11 ക്ലാസ്സുവരെ സ്കൂളിലും ഒരുവർഷം കോളേജിലും അതായത് യൂണിവേഴ്സിറ്റിയിലുമായി നിലനിന്നിരുന്ന പല സ്ഥലങ്ങളും ഇൻഡ്യയിലുണ്ടായിരുന്നു. അവിടെയെല്ലാം പത്താം ക്ലാസ്സുവരെ സ്കൂളിലും അതിനുശേഷമുള്ള രണ്ടുവർഷം അതായത് ഒരു വർഷം യൂണിവേഴ്സിറ്റിയിൽ ഉണ്ടായിരുന്നത് ഡീലിങ്ക് ചെയ്ത് രണ്ടാക്കി മാറ്റി പ്ലസ് ടു കോഴ്സുണ്ടാക്കി ഒരു പ്രത്യേക സംവിധാനത്തിൻകീഴിൽ കൊണ്ടു വന്നിട്ടുണ്ട്. ട്രാൻസിഷൻ പീരിയഡിൽ പല സ്ഥലങ്ങളിലും ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം എല്ലാ സംസ്ഥാനങ്ങളിലും എടുത്തിരിക്കുന്നത്, ആദ്യം ഈ സംവിധാനം രൂപീകരിച്ചതിനു ശേഷം ഇതിന്റെ അക്കാഡമിക് ആയിട്ടുള്ള കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുകയാണ് ചെയ്തിട്ടുള്ളത്. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതിനെക്കുറിച്ച് അങ്ങ് ഇവിടെ ചോദിച്ചത് 1987–ൽ പുതിയ സമ്പ്രദായത്തിൽ പരീക്ഷ നടത്താൻ കഴിയുമോ എന്നാണ്. നടത്താൻ കഴിയും, അതിന് ബുദ്ധിമുട്ടില്ല. കാരണം ഈ ബോർഡ് രൂപീകരിച്ചുകഴിഞ്ഞാൽ ഇന്ന് നമ്മുടെ യൂണിവേഴ്സിറ്റികളിൽ നിലനിൽക്കുന്ന സിലബസ് അനുസരിച്ചുതന്നെ കുട്ടികൾക്ക് ഈ ബോർഡിന്റെ കീഴിൽ പരീക്ഷ നടത്താൻ ബുദ്ധിമുട്ടില്ല. ഗവൺമെന്റ് ഉദ്ദേശിക്കുന്നത് 1936–87 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ പ്രത്യേകിച്ച് പത്താം ക്ലാസ്സിൽ പുതിയ സിലബസ് അനുസരിച്ചുള്ള പാഠപുസ്തകമാണ് കുട്ടികൾക്ക് വിതരണം ചെയ്തിരിക്കുന്നത്. ആ കുട്ടികൾ 1987–88ൽ പ്ലസ് ടു സമ്പ്രദായത്തിന്റെ കീഴിൽ വരുന്നതുകൊണ്ട് അവരുടെ സിലബസ്സും കരിക്കുലവും പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ എൻ.സി.ഇ.ആർ.ടി. യുടെ സഹായത്തോടുകൂടിതന്നെ ഗവൺമെന്റ് സ്വീകരിക്കും. വൊക്കേഷണലൈസേഷന് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടും ഡൈവേഴ്സിഫിക്കേഷന് ഊന്നൽകൊടുത്തുകൊണ്ടുമുള്ള നടപടികൾ സ്വീകരിക്കുകയും അങ്ങനെയുള്ള ഒരു കരിക്കുലവും സിലബസ്സും തയ്യാറാക്കി വരികയുമാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി: ഉന്നതവിദ്യാഭ്യാസം താറുമാറാക്കുന്നതിനുവേണ്ടി സർക്കാർ കൊണ്ടുവന്ന വികൃതമായ നയമാണിത്. ഈ നയം അംഗീകരിക്കാത്തതിന്റെ ഫലമായി ഈ യൂണിവേഴ്സിറ്റികളെ സംബന്ധിച്ചിടത്തോളം ഏലിയെ കൊല്ലാൻ ഇല്ലം ചുടുക എന്ന പഴയ സമീപനത്തിന്റെ അടിസ്ഥാനത്തിൽ ജനാധിപത്യ വിരുദ്ധ നടപടികളാണ് സ്വീകരിച്ചത്. സിൻഡിക്കേറ്റുകളെ സസ്പെൻഡ് ചെയ്യപ്പെട്ടത് ഒരു ഉദാഹരണമാണ്. മുഖ്യമന്ത്രിയാണെങ്കിൽ പോകുന്ന സ്ഥലത്തൊന്നും സമരം കാണുന്നില്ലായെന്ന് പറയുന്ന ആ പരിതസ്ഥിതിയിൽ ഈ സസ്പെൻഷൻ പിൻവലിച്ച് സിൻഡിക്കേറ്റുകളെ തന്നെ സാധാരണപോലെ പ്രവർത്തിക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇത് വികൃതമായ നയമാണ് എന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. ഇത് വളരെ മനോഹരമായ നയമാണ്. വികൃതമായ നയമാണെങ്കിൽ പശ്ചിമ ബംഗാളിലും ഈ വികൃതമായ നയം നടപ്പിലാക്കിയിട്ടുണ്ട്. പ്രീഡിഗ്രി ബോർഡിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റുകളെ സസ്പെൻഡ് ചെയ്ത നടപടികൾ പരിശോധിക്കുമോ എന്നു ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സസ്പെൻഷൻ ചുരുങ്ങിയ കാലയളവിലുള്ളതാണ്. ഈ കാര്യം മുമ്പ് ഈ സഭയിൽതന്നെ വ്യക്തമാക്കുകയുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട സമിതികളെ ഭരണരംഗത്തുനിന്നും തുടച്ചുനീക്കണമെന്ന് യാതൊരു ഉദ്ദേശവും ഗവൺമെൻറിനില്ല.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: പ്രീഡിഗ്രി ബോർഡിനെതിരായി കോളേജ് അദ്ധ്യാപകരും മറ്റു ജീവനക്കാരും സമരം നടത്തുന്നത് കുട്ടികളുടെ ഭാവി അപകടത്തിലാക്കാനേ സഹായിക്കൂവെന്ന് നിരന്തരമായി പ്രസ്താവനകളിറക്കുന്ന മന്ത്രി അല്ലേ ഈ കുട്ടികൾ പരീക്ഷ എഴുതി റിസൾട്ട് പ്രഖ്യാപിക്കുന്നതിനു മുമ്പായി, കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം കൊടുക്കാതെ അവരുടെ ഭാവി ഇരുളടഞ്ഞതായി തീർക്കുവാൻവേണ്ടി പ്രീഡിഗ്രി ബോർഡ് ഉടനെ നടപ്പിലാക്കിയേ തീരൂ എന്ന തീരുമാനവുമായി മുന്നോട്ടു പോകുന്നത്. ഈ സർക്കാർ, അദ്ധ്യാപകരേയും ജീവനക്കാരേയും സമരം ചെയ്യാൻ പ്രലോഭിപ്പിക്കുകയല്ലേ ചെയ്യുന്നത്? ഇതിനെപ്പറ്റി മന്ത്രിക്ക് എന്തു മറുപടി പറയാനുണ്ട്?

ശ്രീ. ടി. എം. ജേക്കബ്: സർക്കാർ സമരം ചെയ്യാൻവേണ്ടി ആർക്കും പ്രചോദനം കൊടുക്കാറില്ല. കുട്ടികളുടെ ഭാവിയെക്കരുതി സമരം ചെയ്യരുതെന്നാണ് ഗവൺമെൻറ് ആവശ്യപ്പെട്ടത്. നമ്മുടെ സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് ആവശ്യമായ സംരക്ഷണവും സുരക്ഷിതത്വവും നൽകുക എന്നുള്ളത് ഗവൺമെൻറിൻെറ ചുമതലയായിതന്നെ ഞങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ഞാൻ തന്നെ പറഞ്ഞു, അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും മറ്റു യൂണിവേഴ്സിറ്റി ജീവനക്കാർക്കും ഈ പ്രീഡിഗ്രി ബോർഡിൻെറ ഫോർമേഷൻ കൊണ്ട് ഒരു തരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകാതിരിക്കാനുള്ള യുക്തമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കാമെന്ന്. അതിന് ആവശ്യമായിട്ടുള്ള വ്യവസ്ഥകൾ നമ്മുടെ നിയമത്തിൽതന്നെ ഉൾക്കൊള്ളിക്കാൻ തയ്യാറാണ് എന്ന് ആവർത്തിച്ചു ഞാൻ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. സി.ടി. കൃഷ്ണൻ: മറെറല്ലാസംസ്ഥാനങ്ങളിലും ഇത് നടപ്പിലാക്കിയതുകൊണ്ട് ഈ സംസ്ഥാനത്തും നടപ്പിലാക്കണമെന്ന് മന്ത്രി വാശിപിടിക്കുന്നതിൽ അർത്ഥമില്ല. ഇവിടെ നടപ്പിലാക്കിയ പല നല്ല കാര്യങ്ങളും മറ്റു സംസ്ഥാനങ്ങളിലൊന്നും നടപ്പിലാക്കിയിട്ടില്ല. നയപരമായ തീരുമാനമായതുകൊണ്ട് പുറകോട്ടുപോകാൻ കഴിയുകയില്ലായെന്നാണ് മന്ത്രി പറഞ്ഞത്. പോളിടെക്നിക്കുകളും അതുപോലെതന്നെ ബിരുദാനന്തര കോഴ്സുകളും സ്വകാര്യ മേഖലയിൽ കൊടുക്കാനുള്ള തീരുമാനം ശക്തിയായ സമരത്തെത്തുടർന്ന് പിൻവലിക്കപ്പെട്ടു. ഇന്ന് നമ്മുടെ സംസ്ഥാനത്തെ ഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികളും, അദ്ധ്യാപകരും മറ്റു ജീവനക്കാരും സമരത്തിലാണ്. തൊഴിലാളികളും പണിമുടക്കിലേക്ക് നീങ്ങാനുള്ള ശ്രമത്തിലാണ്. ഇത്രയും ബഹുഭൂരിപക്ഷം ആളുകൾ ശക്തിയായി പ്രതിഷേധിച്ച ഒരു കാര്യം ചർച്ചയിലൂടെ പരിഹരിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിന് മന്ത്രി മുൻകൈയെടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സമരം നടത്തുന്നവർക്കുവേണ്ടി ചെയ്യുന്ന പ്രചോദനത്തിൻെറ ഒരു ഭാഷയാണ്. പ്രീഡിഗ്രി സമരത്തിൽ ഗവൺമെൻറ് എവിടംവരെ പോയി, അല്ലെങ്കിൽ പി.ജി. കോഴ്സ് കൊടുക്കുന്നതിൽ എവിടംവരെ

LIBRARY ARCHIVES Kerala Legislative Assembly

പോയി എന്നൊക്കെയാണ്. ആ കാര്യങ്ങളിലൊക്കെ ഗവൺമെൻറിന് വ്യക്തമായ അഭിപ്രായങ്ങളുണ്ടായിരുന്നു. ഗവൺമെൻറ് അതിൽ വ്യക്തമായ നടപടികളും സ്വീകരിച്ചിട്ടുമുണ്ട്. ആ ഒരു അഭിപ്രായപ്രകടനം നടത്തി സമരരംഗത്തു നിൽക്കുന്ന ആളുകളെ നിർത്തി ഇക്കാര്യത്തിൽ ഗവൺമെൻറിനെ പിന്തിരിപ്പിക്കാനാണു ഭാവമെങ്കിൽ പിന്തിരിപ്പിക്കാൻ സാദ്ധ്യമല്ല. പ്രീഡിഗ്രി ബോർഡ് നടപ്പിലാക്കുക എന്നുള്ളത് നമ്മുടെ രാജ്യത്തിൻറെ ഉത്തമ താൽപ്പര്യങ്ങൾക്ക് ആവശ്യമാണെന്നുള്ള വ്യക്തമായ അഭിപ്രായം ഗവൺമെൻറിനുണ്ട്. ഇത് വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു സഹായിക്കുമെന്നുള്ള അഭിപ്രായമുള്ളതുകൊണ്ടുതന്നെയാണ് ഗവൺമെൻറ് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു മുന്നോട്ടു പോകുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, എമർജൻസി ഫോഴ്സസ് ഉപയോഗിച്ചുകൊണ്ട് സിൻഡിക്കേറ്റിനെ സസ്പെൻഡ് ചെയ്തിട്ടും പ്രീഡിഗ്രി റിസൾട്ട് മുഴുവൻ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. ഇനിയും ഡിഗ്രി കോഴ്സുകളിലെ പല പരീക്ഷകളും നടത്താൻ ബാക്കിയുണ്ട്. അതിൻറെ അർത്ഥം ഒരു വർഷം നമ്മുടെ കുട്ടികൾക്കു നഷ്ടപ്പെടുന്നുവെന്നാണ്. ഇതിൻറെ പൂർണ്ണമായ ഉത്തരവാദിത്വം ഗവൺമെൻറു തന്നെയാണ് വഹിക്കേണ്ടത്. നമ്മുടെ കുട്ടികളുടെ ഭാവി അപകടപ്പെടുത്തിക്കൂടായെന്നുള്ള കാര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ വിട്ടുവീഴ്ചാ മനോഭാവത്തോടുകൂടി സമരം ചെയ്യുന്നവരെ വിളിച്ചുവരുത്തി ഈ പ്രശ്നം പരിഹരിക്കാൻ തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഗവൺമെൻറു പറഞ്ഞ അഭിപ്രായം ഒരു പൊതുപ്രവർത്തകനും നേതാവുമെന്നുള്ള നിലയ്ക്ക് മറ്റുള്ളവരോട് പറയേണ്ട ചുമതല ബഹുമാനപ്പെട്ട മെമ്പർക്ക് ഉണ്ട്. ഇപ്പോൾ സമരം നടത്തുന്ന ആളുകൾ പരീക്ഷാഫലം തടഞ്ഞുവച്ച് പ്രസിദ്ധീകരിക്കാതിരിക്കാനുള്ള പല ഹീനമായ മാർഗ്ഗങ്ങളും ഉപയോഗിച്ചു. ബഹുമാനപ്പെട്ട മെമ്പറുടെ ഉൽക്കണ്ഠ തീർച്ചയായും ഗവൺമെൻറ് കണക്കിലെടുത്തിട്ടുണ്ട്. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പരീക്ഷാഫലം വന്നു, കേരളാ യൂണിവേഴ്സിറ്റിയുടെ പരീക്ഷാഫലം ഇന്നു പുറത്തു വന്നിട്ടുണ്ട്. അടുത്ത ഏതു ദിവസത്തിലും കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ പരീക്ഷാഫലം പുറത്തുവരും. ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽസ് നടത്താനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. കിട്ടിയ പേപ്പറുകൾ സെൻട്രലൈസ്ഡ് വാല്യൂവേഷൻ നടത്തി പരീക്ഷാഫലം കൊണ്ടുവരാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മാറ്റിവച്ച എല്ലാ പരീക്ഷകളും ഒരു ഷെഡ്യൂൾ വച്ചുകൊണ്ട് ജൂലായ് മാസം നടത്താനുള്ള നടപടികളും യൂണിവേഴ്സിറ്റികൾ സ്വീകരിച്ചുകഴിഞ്ഞു. എല്ലാ കാര്യങ്ങളും ക്രമമായി നടത്താനുള്ള സംവിധാനങ്ങളും യൂണിവേഴ്സിറ്റികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: പരീക്ഷ മാറ്റിവയ്ക്കുന്നതുകൊണ്ട് കുട്ടികൾക്ക് ഒരുവർഷം നഷ്ടപ്പെടുന്നു. അത് ഇനി എന്നു നടക്കുമെന്ന് അറിഞ്ഞുകൂടാ. അതിനുള്ള ഏർപ്പാടുകളും ആയിട്ടില്ല. വാല്യൂവേഷനെ സംബന്ധിച്ചുതന്നെ അഭിപ്രായവ്യത്യാസമുണ്ട്. കുട്ടികളെ ആകെ കുഴപ്പത്തിലാക്കിക്കൊണ്ട് വിദ്യാഭ്യാസരംഗം ആകെ നശിച്ചുമായി. ഈ ദുർവാശിയിൽനിന്ന് ഒന്നു പിൻമാറാനും ഇതിന് തീരുമാനമുണ്ടാക്കാനും ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ? രക്ഷാകർത്താക്കളേയും വിദ്യാർത്ഥികളേയും കുഴപ്പത്തിലാക്കി ഈ രാജ്യം നശിപ്പിച്ചേ അടങ്ങൂ എന്നാണോ ഈ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഈ രാജ്യത്തെ നശിപ്പിക്കാനല്ല നന്നാക്കാനാണ് ഈ ഗവൺമെന്റിന്റെ ആഗ്രഹം. ഗവൺമെന്റ് എടുത്തിരിക്കുന്ന നടപടികളും വിദ്യാഭ്യാസ രംഗത്ത് ഗുണകരമായവിധത്തിൽ മാറ്റങ്ങളുണ്ടാക്കുമെന്നുള്ള ഉത്തമബോദ്ധ്യം ഗവൺമെന്റിനുണ്ട്. ഗവൺമെന്റിന് നയപരമായ തീരുമാനമെടുക്കാനുള്ള അവകാശമുണ്ട്. പ്രീഡിഗ്രി ബോർഡ് കേരളത്തിൽ നടപ്പിലാക്കണമെന്നു പറഞ്ഞ് എടുത്തിട്ടുള്ള തീരുമാനത്തിൽനിന്ന് ഒരിഞ്ചുപോലും പിറകോട്ടു പോകുന്ന പ്രശ്നമില്ല.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### യുവജനക്ഷേമ ബോർഡ്

* 144 [146] ശ്രീ. ടി.കെ. അറുമുഖൻ:

,, കെ.പി. അരവിന്ദാക്ഷൻ:

,, കെ. പുരുഷോത്തമൻ:

,, വി.ജെ. തങ്കപ്പൻ:

,, എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തു രൂപീകരിക്കപ്പെട്ട യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിൽ യുവജന സംഘടനകൾക്കു പ്രാതിനിധ്യമുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) യുവജനക്ഷേമ ബോർഡിന്റെ പ്രധാനപ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.

1. യുവാക്കൾക്കു തൊഴിൽമേഖലകൾ കണ്ടെത്തുക.
2. സ്വയം തൊഴിലിൽ ഏർപ്പെടാൻ വേണ്ട പരിശീലനം നൽകുക.
3. അനൗപചാരിക വിദ്യാഭ്യാസവും വയോജനവിദ്യാഭ്യാസവും പ്രചരിപ്പിക്കുക.
4. കലയും സംസ്കാരവും പരിപോഷിപ്പിക്കുക.
5. കായികാഭ്യാസങ്ങൾക്കു പ്രചാരണം നൽകുക.
6. സാമൂഹ്യ ദുരാചാരങ്ങൾ നിർമ്മാർജ്ജനം ചെയ്യുക.
7. സാമൂഹ്യസേവനരംഗങ്ങളിൽ പ്രവർത്തിക്കാൻ അവസരവും പ്രോൽസാഹനവും നൽകുക.

LIBRARY ARCHIVES Kerala Legislative Assembly